**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4314** **18-07-2022 - ൽ മറുപടിയ്ക്ക്**

**സേവനങ്ങൾ വാതിൽപ്പടിയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സേവനങ്ങൾ വാതിൽപ്പടിയിൽ എന്ന പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളാണ് വൈദ്യുതിവകുപ്പ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുക; വിശദമാക്കാമോ? | (എ) | ഉപഭോക്താകൾക്ക് വൈദ്യുതി സംബന്ധമായ സേവനങ്ങൾ കൂടുതൽ സുതാര്യവും, സുഗമമായും നൽകുന്നതിന് വേണ്ടി 'സേവനങ്ങൾ വാതിൽപടിയിൽ' (Service at Door Step) എന്ന പദ്ധതി ഒക്ടോബർ 2020 മുതൽ നടപ്പിലാക്കി വരുന്നു.<br><br>ഇത് പ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും, ഉടമസ്ഥാവകാശമാറ്റം, കണക്ടഡ് ലോഡ്/കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ്/ഫേസ് മാറ്റം, മീറ്റർ/പോസ്റ്റ് മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും, സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും, ഫോൺനമ്പരും 1912 എന്ന ടോൾ ഫ്രീ നമ്പർ സംവിധാനം മുഖേനയും, ബന്ധപ്പെട്ട സെക്ഷൻ ഓഫീസ് വഴിയും, ഓൺലൈൻ മുഖേനയും രജിസ്റ്റർ ചെയ്യാവുന്നതാണ്. തുടർന്ന് കെ.എസ്.ഇ.ബി. ജീവനക്കാർ അപേക്ഷകനെ ബന്ധപ്പെട്ട്/ഉപഭോക്താവിന്റെ വീട് സന്ദർശിച്ച്, മൊബൈൽ ആപ്പ് വഴി അപേക്ഷ സ്വീകരിച്ച്, ആവശ്യമായ രേഖകൾ പരിശോധിച്ച്, അവ അപ്‌ലോഡ് ചെയ്യുകയും, ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, തുക അടയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും തുടർന്ന് സേവനം ഉറപ്പാക്കുന്നത് വരെയുള്ള നടപടികൾ പൂർത്തിയാക്കുന്നു.<br><br>'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിൽ പരീക്ഷണാടിസ്ഥാനത്തിൽ 01.10.2020-ന് ആരംഭിക്കുകയും, പ്രാരംഭ ബുദ്ധിമുട്ടുകൾ പരിഹരിച്ച്, ഇതിനായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ കെ.എസ്.ഇ. ബി.എൽ. വികസിപ്പിച്ചെടുത്തതിനെ തുടർന്ന് എല്ലാ സെക്ഷൻ ഓഫീസുകളിലും 'സേവനം വാതിൽപ്പടിയിൽ' പദ്ധതി പൂർണ്ണതോതിൽ 2022 ആഗസ്റ്റ് മാസത്തോടു കൂടി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| | | | ഈ ആപ്പ് ഉപയോഗിച്ച് ജീവനക്കാർ സേവനം ആവശ്യമുള്ള വ്യക്തിയുടെ സ്ഥലത്തു പോയി ആവശ്യമായ രേഖകൾ പരിശോധിക്കുവാനും, സ്ഥല പരിശോധന നടത്തി ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഉടൻ തന്നെ കേന്ദ്രീകൃത സെർവർ കംപ്യൂട്ടറിൽ രേഖപ്പെടുത്തുവാനും കഴിയും. ഇത് ഉപയോഗിച്ച് സെക്ഷൻ ഓഫീസിൽ നിന്ന് അനന്തരനടപടികൾ എടുക്കുവാൻ സാധിക്കും. തുടർന്ന് ഉപഭോക്താവിന് നിശ്ചിത തുക ഒടുക്കി സേവനം ലഭ്യമാക്കുവാനും സാധിക്കും . |

സെക്ഷൻ ഓഫീസർ